# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2135 | 05/12/2018 ൽ മറുപടിക്ക് |
|---|---|

### പൊതുമേഖല സ്ഥാപനങ്ങളിലെ ഉന്നതതല നിയമനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. സി. ജോസഫ്<br>" വി. ഡി. സതീശൻ<br>" സണ്ണി ജോസഫ്<br>" വി. ടി. ബൽറാം | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പൊതുമേഖലാ സ്ഥാപനങ്ങളിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മാനേജിംഗ് ഡയറക്ടർ, ജനറൽ മാനേജർ തുടങ്ങിയ ഉന്നതതല നിയമനങ്ങൾ സംബന്ധിച്ച് ഈ സർക്കാർ നിലവിൽ വന്നശേഷം ഉയർന്നുവന്ന ആക്ഷേപങ്ങൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തിയിരുന്നോ; പ്രസ്തുത അന്വേഷണ റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ വിജിലൻസിന്റെ കണ്ടെത്തലുകൾ എന്തൊക്കെയാണ്; | (എ)<br>യും<br>(ബി)<br>യും | വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണങ്ങൾ നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>(i) കേരള സ്റ്റേറ്റ് കശുവണ്ടി വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ നിയമനവുമായി ബന്ധപ്പെട്ട് ശ്രീ. ടി. എഫ്. സേവ്യർ (മുൻ മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് കശുവണ്ടി വികസന കോർപ്പറേഷൻ), ശ്രീ. ആർ. രാജേഷ് (മാനേജിംഗ് ഡയറക്ടർ, കാപെക്സ്), ശ്രീ. ലോറൻസ് ഹരോൾഡ് (മാനേജിംഗ് ഡയറക്ടർ, മത്സ്യഫെഡ്) എന്നിവർക്കെതിരെ സത്വരാന്വേഷണം നടത്തി പരാതി സാധൂകരിക്കാവുന്ന തെളിവുകളില്ലാത്തതിനാൽ തുടർ നടപടികൾ അവസാനിപ്പിച്ചിട്ടുണ്ട്.<br>(ii) അനർട്ട് ഡയറക്ടർ ആയി ഡോ. ഹരികുമാറിനെ നിയമിച്ചതിലെ ക്രമക്കേടുകളെപ്പറ്റി ബഹു. എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് (വിജിലൻസ്) കോടതിയുടെ 31/01/2017 തീയതിയിലെ Crl.M.P.59/17-മേൽ അന്വേഷണം നടത്തി അന്വേഷണ റിപ്പോർട്ട് 19/01/2018 തീയതിയിൽ ബഹു. വിജിലൻസ് കോടതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.<br>(iii) കെ.എസ്.ഐ.ഇ മാനേജിംഗ് ഡയറക്ടർ ആയി ശ്രീ. പി. കെ. സുധീറിനെ നിയമിച്ചതിലെ അഴിമതി പരിശോധിക്കുന്നതിനായി ഒരു സത്വരാന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ട്. ബഹു. ഹൈക്കോടതിയിലെ 29/09/2017 തീയതിയിലെ Crl.MC No. 1523/17, 2839/17 ഉത്തരവ് പ്രകാരം പ്രസ്തുത കേസിന്റെ FIR റദ്ദ് |
| (ബി) | ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുണ്ട്. ബഹു. എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് തിരുവനന്തപുരം 06/11/2017 - ന് കേസ് അവസാനിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടി കേസിന്റെ തുടർനടപടികൾ അവസാനിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഇത്തരം നിമനങ്ങളിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണ് എന്നറിയിക്കാമോ; | (സി) | 15/10/2016 ലെ സ.ഉ(പി)നം. 45/2016/ആ.സാ.വ നമ്പർ ഉത്തരവ് പ്രകാരം പൊതുമേഖല സ്ഥാപനങ്ങളിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മാനേജിംഗ് ഡയറക്ടർ, ജനറൽ മാനേജർ തുടങ്ങിയ ഉന്നതതല നിയമനങ്ങൾക്ക് വിജിലൻസ് ക്ലിയറൻസ് നിർബന്ധമാക്കിയിട്ടുണ്ട്. ഇതുകൂടാതെ 26/05/2018 ലെ സ.ഉ.(കൈ) 16/2018/പ്ലാനിംഗ് നമ്പർ ഉത്തരവ് പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങളിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മാനേജിംഗ് ഡയറക്ടർ, ജനറൽ മാനേജർ തുടങ്ങിയ നിയമനങ്ങളിലെ സുതാര്യതയും നിഷ്പക്ഷതയും ഉറപ്പ് വരുത്താൻ ദേശീയതലത്തിൽ അംഗീകാരമുള്ള സാങ്കേതിക വിദഗ്ധരെ ഉൾപ്പെടുത്തി പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് പുനർരൂപീകരിച്ചിട്ടുണ്ട്. |
| (ഡി) | കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ തസ്തികയിലേക്ക് ഈ സർക്കാർ നടത്തിയ നിയമനങ്ങളിൽ മേല്പറഞ്ഞ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോ: | (ഡി) യും (ഇ) യും | കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ കരാർ അടിസ്ഥാനത്തിൽ നിയമിതനായ കമ്പനി സെക്രട്ടറി കരാർ കാലാവധി കഴിഞ്ഞ് സേവനം വിട്ടുപോവുകയും കമ്പനി സെക്രട്ടറി, ജനറൽ മാനേജർ തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നതിനെ തുടർന്ന് അഡ്മിനിസ്ട്രേഷൻ ഫിനാൻസ്, പ്രോജക്ട് മേഖലകളിലുണ്ടായ ഭരണ പ്രതിസന്ധി ഒഴിവാക്കുന്നതിന് 16/07/2018 ന് ചേർന്ന 46 ാം മത് ഡയറക്ടർ ബോർഡിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജനറൽ മാനേജർ തസ്തിക നികത്തേണ്ട അടിയന്തരസാഹചര്യം ഉടലെടുക്കുകയും നിയമനം നടത്തുകയുമാണുണ്ടായത്. നിയമനത്തിന് ശേഷം വിജിലൻസ് ക്ലിയറൻസ് ലഭ്യമാക്കാനാണ് ഉദ്ദേശിച്ചത്. |
| (ഇ) | ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ